140 ഷെഡ്യൂളുകളോടുകൂടി ആരംഭിച്ച ഈ ഓപ്പറേഷൻ സെൻററിൽ 6 ഷെഡ്യൂളുകളും ഇപ്പോൾ ഓടുന്നില്ല. പാണ്ടാംകോട്–പട്ടാമ്പി, മംഗലംഡാം മലമ്പുഴഡാം, വടക്കാഞ്ചേരി–എറണാകുളം, പുത്തൻകടവ്–മണ്ണാർക്കാട് ഈ ഷെഡ്യൂളുകളൊന്നും ഓടുന്നില്ല. സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് വണ്ടി ഓടിക്കാൻ സാധിക്കുന്നില്ല എന്നാണ് പറയുന്നത്. പഞ്ചായത്ത് ലക്ഷകണക്കിന് രൂപ മുടക്കി അഞ്ചേക്കർ സ്ഥലം വാങ്ങി കോർപ്പറേഷനെ ഏൽപ്പിച്ചതാണ്. ഞങ്ങളെല്ലാവരുംകൂടി കമ്മിറ്റി ഉണ്ടാക്കി 70,000 രൂപ പിരിച്ച് അവിടെ ഒരു ടെമ്പററി ഷെഡ് ഉണ്ടാക്കിക്കൊടുത്തു ആളുകൾക്ക് യാത്രചെയ്യാനുള്ള യാതൊരു സൗകര്യവുമില്ല. സ്റ്റാഫിനെ അയ്ക്കണം. ഒരൊറ്റ പുതിയ ബസ്സുപോലും ഇല്ല. 15 കൊല്ലം വീതം പഴക്കമുള്ള ബസ്സുകളാണുള്ളത്. പുതിയ ഓപ്പറേറ്റിംഗ് സെൻററിൽ ഒരൊറ്റ പുതിയ ബസ്സുപോലുമില്ല. അതുകൊണ്ട് ബസ്സുകൾ ഓടുന്നില്ല. ആളുകൾക്ക് ബുദ്ധിമുട്ടാണ്. അതുകൊണ്ട് അടിയന്തിരമായി പുതിയ ബസ്സുകൾ അവിടെ അനുവദിക്കണം. സ്റ്റാഫിനേയും നിയമിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ബഹുമാനപ്പെട്ടമെമ്പർ സൂചിപ്പിച്ച കാര്യത്തിൽ രണ്ടു സുന്ദരൻമാർ മാത്രമല്ല മൂന്ന് എം. എൽ. എ. മാർകൂടി പങ്കെടുത്തിരുന്നു. 1985 ജൂൺമാസം 30-ാം തീയതിയാണ് വടക്കഞ്ചേരിയിൽ ഒരു ഓപ്പറേഷൻ സെൻറർ ആരംഭിച്ചതും ബസ് സർവ്വീസ് ആരംഭിച്ചതും. 9 ഓർഡിനറി സർവ്വീസും 4 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുമാണ് അന്ന് തുടങ്ങിയത്. 14 ബസ്സുകൾ അവിടെ അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾക്കുവേണ്ടി ബസ്സുകൾ ചിലപ്പോൾ ഗാരേജിൽ കയറ്റുന്നതുകൊണ്ടാണ് ചില സർവ്വീസുകൾ മുടങ്ങുന്നത്. വടക്കാഞ്ചേരിയിൽ നിന്നുള്ള ഒരൊറ്റ സർവ്വീസും നിർത്തലാക്കിയിട്ടില്ല. അറ്റകുറ്റ പണികൾക്കുവേണ്ടി ഗാരേജിൽ കയറ്റുമ്പോൾ ചില സർവ്വീസുകൾ മുടങ്ങുന്നു. അത് ഗവൺമെൻറിന് ബോദ്ധ്യമായിട്ടുണ്ട്. ഓരാറ്റ സർവ്വീസും ക്യാൻസൽ ചെയ്തിട്ടില്ല. ബസ്സുകിട്ടുമ്പോൾ അവിടത്തേക്ക് ആവശ്യമായ ബസ്സുകൾ നൽകുന്നതാണ്.

(4) വി. ഇ. ഒ. മാരുടെ ട്രെയിനിംഗ്

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, സെലക്ഷൻ മെമ്മോ കിട്ടിയിട്ട് ട്രെയിനിംഗിനുവേണ്ടി കാത്തിരിക്കുന്ന നൂറുകണക്കിന് ചെറുപ്പക്കാരുടെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലായി സെക്കൻഡ് ഗ്രേഡ് വി. ഇ. ഒ. മാരായി സെലക്ഷൻ മെമ്മോ കിട്ടിയ ചെറുപ്പക്കാർക്ക് ഇതുവരെ ട്രെയിനിംഗിനുള്ള മെമ്മോ കൊടുത്തിട്ടില്ല. അങ്ങനെ മെമ്മോ കൊടുക്കാതിരുന്നാൽ മൂന്നുമാസം കഴിഞ്ഞാൽ ആ ലിസ്റ്റ് ക്യാൻസലായി പോകും. ഇങ്ങനെ മൂന്നുമാസം കഴിഞ്ഞ് ഈ ലിസ്റ്റ് ക്യാൻസലായി പോയാൽ ഭാവിതന്നെ എങ്ങനെയായിരിക്കുമെന്ന് ഉൽക്കണ്ഠയോടുകൂടി ഈ ചെറുപ്പക്കാർ കഴിയുകയാണ്. ഇങ്ങനെ ഉൽക്കണ്ഠയോടുകൂടി കഴിയുന്ന ഈ ചെറുപ്പക്കാരുടെ ഉൽക്കണ്ഠ അവസാനിപ്പിച്ച് അവരെ എത്രയുംവേഗം ട്രെയിനിംഗിന് വിളിച്ച് പ്രതീക്ഷ നൽകി ആശ്വസിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, നിയമനങ്ങൾക്കുമുമ്പ് പരിശീലനം ആവശ്യമായി വരുന്ന തസ്തികകളിൽ പബ്ലിക് സർവ്വീസ് കമ്മിഷൻറെ റൂൾസ് ഓഫ് പ്രൊസീഡ്യൂർ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനിംഗ് തുടങ്ങി ഒരു മാസത്തിനകം ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നുപോകുമെന്നാണ് വ്യവസ്ഥ. ഇത് മനസ്സിലാക്കിക്കൊണ്ട് 1985 മാർച്ച് 31-ാം തീയതി ഉണ്ടാകാവുന്ന റിട്ടയർമെന്റ് വേക്കൻസിയും ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഒരു ബ്ലോക്കിൽ അഡീഷണലായിട്ട് മൂന്ന് വീ. ഇ. ഒ. മാർകൂടി വേണമെന്നുള്ള നിർദ്ദേശവും കണക്കിലെടുത്ത് മൊത്തം 1204 റാങ്ക് ഹോൾഡേഴ്സിന് അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. അതിൽ 779 പേരെ ട്രെയിനിംഗിനുവേണ്ടി ഡെപ്യൂട്ട് ചെയ്തു. ആ 779 പേരിൽ 579 പേർ ട്രെയിനിംഗ് കഴിഞ്ഞു വന്നു. 416 പേരുടെ ട്രെയിനിംഗ് പൂർത്തിയായി, അവരെ നിയമിച്ചു. 15-7-1985-ൽ 88 പേരുടെ ട്രെയിനിംഗ് പൂർത്തിയായിട്ടുണ്ട്. അവർക്ക് ഉടനെ നിയമനം നൽകും. ഇനി റാങ്ക് ലിസ്റ്റിൽ കൊല്ലം–65, എറണാകുളം–30, തൃശ്ശൂർ–35, മലപ്പുറം–106, കോഴിക്കോട്–89, കണ്ണൂർ, കാസർകോട് 100 ഈ നിലയിൽ മൊത്തം 425 അഡ്വൈസ് മെമ്മോ കിട്ടിയിട്ടുള്ള റാങ്ക് ഹോൾഡേഴ്സുണ്ട്. ഇപ്പോൾ മണ്ണുത്തിയിലും കൊട്ടാരക്കരയിലും തളിപ്പറമ്പിലും നടക്കുന്ന രണ്ടോംബാച്ചുകാരുടെ ട്രെയിനിംഗ് പൂർത്തിയായാൽ ഉടനെ ട്രെയിനിംഗ് സെന്ററും ഹോസ്റ്റലും ഒഴിവായി കിട്ടുന്നതനുസരിച്ച് അവശേഷിക്കുന്ന 425 പേരെ ട്രെയിനിംഗിന് അയക്കാൻ കഴിയും. ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്തെ പ്രപ്പോസൽ അനുസരിച്ച് 453 പേരെ നമുക്ക്.....

ശ്രീ. എം. കെ. ശശീന്ദ്രൻ : സർ, കാലാവധി കഴിഞ്ഞാൽ ലിസ്റ്റ് കാൻസലായിപ്പോകും.

ശ്രീ. പി. കെ. വേലായുധൻ : ഇല്ല സർ, ഞാൻ പറഞ്ഞല്ലോ. കാലാവധി തീരുന്നതിനുമുമ്പ് 1204 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. അഡ്വൈസ് മെമ്മോ കിട്ടിയിട്ട് ട്രെയിനിംഗ് പൂർത്തിയാക്കാനുള്ളത് 425 പേരാണ്. ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഒരു ബ്ലോക്കിൽ മൂന്നുപേർ എന്നനിലയിൽ 453 പേരെ നിയമിക്കാനുണ്ട്. അതുകൊണ്ട് ഈ 425 പേർക്ക് നിയമനം കിട്ടുകയില്ല എന്നുള്ള അശങ്കയ്ക്ക് യാതൊരു വഴിയുമില്ല. കൂട്ടത്തിൽ ഒന്നുപറയട്ടെ സർ ട്രെയിനിംഗിന് മെമ്മോ കിട്ടാത്ത ആളുകളുടെ അസോസിയേഷൻ ഉണ്ടാക്കി അതിന്റെ ആഭിമുഖ്യത്തിൽ മാറുചില അനാശാസ്യകരമായ സമീപനം സ്വീകരിക്കുന്നതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഈ സമയത്ത് അത് ഉന്നയിച്ചത് ഉചിതമായി. അഡ്വൈസ് മെമ്മോ കിട്ടി ട്രെയിനിംഗിനു വേണ്ടി കാത്തുനിൽക്കുന്നവർ ആരുടേയും പ്രലോഭനത്തിനോ മറ്റ് എന്തിനെങ്കിലുമോ വഴങ്ങരുതെന്നു പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു.

(5) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസിഷൻ

ശ്രീ. സി. എഫ്. തോമസ് : സർ, നമ്മുടെ സംസ്ഥാനത്തിൽ ബസിൽ യാത്ര ചെയ്യുന്ന ലക്ഷകണക്കിനുവരുന്ന വിദ്യാർത്ഥികളും ആകപ്പാടെ ഇന്ന് ബുദ്ധിമുട്ടിലായിരിക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അടിയന്തിരമായി നടപടികളും സ്വീകരിച്ചേ മതിയാവുകയുള്ളൂ. കുട്ടികളുടെ ഷെഡ്യൂളുകളിൽ 40 കൺസിഷൻ ടിക്കറ്റ് കൊടുക്കുക എന്ന് ഇക്കൊല്ലം മുതൽ നിർബന്ധം പിടിച്ചിരിക്കുകയാണ്. കഴിഞ്ഞകൊല്ലം ഇങ്ങനെയായിരുന്നില്ല. കഴിഞ്ഞകൊല്ലം. ആവശ്യത്തിന് കൺസിഷൻ ടിക്കറ്റ് കൊടുക്കുമായിരുന്നു. ഇപ്പോൾ 40 കൺസിഷൻ ടിക്കറ്റേ കൊടുക്കൂ എന്നാക്കിയിരിക്കുകയാണ്. കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാകുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കുട്ടികളുടെ തലയിൽ ഏൽപ്പിക്കരുത്

LIBRARY ARCHIVES Kerala Legislative Assembly